# 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം': പരിശീലനം നേടിയവർ 15,000 കവിഞ്ഞു

കൊച്ചി: നാളികേര വികസന ബോർഡിന്റെ 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിയിൽ പരിശീലനം നേടിയ ചങ്ങാതിമാരുടെ എണ്ണം 15,000 കവിഞ്ഞു. ഇതോടെ തേങ്ങയിടാൻ ആളെ കിട്ടുന്നില്ലെന്ന കേരകർഷകരുടെ കാലങ്ങളായുള്ള പരാതിക്ക് ഏറെക്കുറെ പരിഹാരമുണ്ടാക്കാൻ ബോർഡിനു കഴിഞ്ഞു. കേരകൃഷിയുടെ ശാസ്ത്രീയവശങ്ങളും പരിപാലനരീതികളും തെങ്ങുകയറ്റ യന്ത്രത്തിന്റെ ഉപയോഗരീതിയും ഉൾപ്പെടുത്തി 2011 ൽ സംസ്ഥാനത്തെ 11 ജില്ലകളിൽ തുടക്കമിട്ട 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടി മൂന്നു ഘട്ടങ്ങൾ പിന്നിട്ടു മുന്നേറിക്കൊണ്ടിരിക്കുകയാണ്. മികച്ച തൊഴിലാളികൾക്കു ദിവസേന 500 മുതൽ 1500 രൂപ വരെ വരുമാനം ലഭിക്കുന്നതിനാൽ തന്നെ പരിശീലനാർഥികളുടെ എണ്ണത്തിലും വർധനയുണ്ടാകുന്നുണ്ട്. തെങ്ങിന്റെ ചങ്ങാതിമാരായതിലൂടെ ഇവരുടെ സാമ്പത്തിക ഭദ്രതയും ജീവിതസുരക്ഷയും ഉറപ്പായി. 80 ശതമാനത്തിലധികം ചങ്ങാതിമാരും ഈ തൊഴിൽ രംഗത്ത് ഉറച്ചു നിൽക്കുന്നുവെന്നതും പദ്ധതിയുടെ വിജയമാണ്. ബോർഡിലേക്ക് അയയ്ക്കുന്ന എസ്എംഎസിലൂടെ ചങ്ങാതിമാരുടെ വരുമാനവും കയറിയ തെങ്ങുകളുടെ എണ്ണവും ദിവസേന വിലയിരുത്താൻ കഴിയുന്നു.

സംസ്ഥാനത്ത് ജില്ലകൾ കേന്ദ്രീകരിച്ചു കൃഷിഭവന്റെയും കർഷക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടേയും ആഭിമുഖ്യത്തിലാണ് 20 പേർ വീതമുള്ള ആറു ദിവസത്തെ സൗജന്യ പരിശീലനം ഒരേസമയത്ത് 15 കേന്ദ്രങ്ങളിലായി നൽകിവരുന്നത്. കൂടാതെ നാളികേരോത്പാദനം കൂടുതലുള്ള തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, ഗോവ, ഒഡീഷ, ഛത്തീസ്ഗഢ് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും 'ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ' എന്നപേരിൽ ബോർഡിന്റെ റീജിയണൽ ഓഫീസുകൾ വഴിയും പരിശീലനം നൽകിവരുന്നു.

നീരയുത്പാദനത്തിനു സംസ്ഥാന സർക്കാരിന്റെ അനുമതി ലഭിച്ചതോടെ നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ചു തുടങ്ങുമ്പോൾ 'ചങ്ങാതി'മാർക്കു നിലവിലുള്ളതിനേക്കാൾ ആയിരത്തിലധികം തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കപ്പെടും. പ്രതിമാസം 20,000 രൂപ മുതൽ വരുമാനം ലഭിക്കുന്ന 'നീര ടെക്നീഷ്യൻ' ആവാൻ തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ചങ്ങാതിമാർക്കു പിന്നീട് പ്രത്യേകപരിശീലനം നൽകുന്നതായിരിക്കും. തെങ്ങിന്റെ ചങ്ങാതിമാരാകാൻ താൽപ്പര്യമുള്ളവർ വെള്ളക്കടലാസിൽ തയാറാക്കിയ അപേക്ഷകൾ ചെയർമാൻ, നാളികേര വികസനബോർഡ്, കൊച്ചി- 11 എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ :0484 2376265, 2377267, 2377266, 2376553.